## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1984. 16.06.2014 ൽ മറുപടിയ്ക്ക്.

### വാഹനങ്ങളുടെ വേഗപരിധി

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | അമിതവേഗതയിൽ വാഹനം ഓടിച്ചതിന് 2012 - 2013, 2013 -2014 സാമ്പത്തിക വർഷങ്ങളിൽ എത്രപേർ സംസ്ഥാനത്ത് ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ; | (എ) | 2012-13-ൽ 278649 പേരും 2013-14-ൽ 340527 പേരും അമിത വേഗതയിൽ വാഹനമോടിച്ചതിന് സംസ്ഥാനത്ത് ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | ഓരോ സാമ്പത്തികവർഷവും ഈ ഇനത്തിൽ എത്ര തുക പിഴയായി ഈടാക്കിയിട്ടുണ്ട് ; | (ബി) | 2012-13-ൽ 10,48,67,050/- രൂപയും 2013-14-ൽ 13,33,55,550/- രൂപയും പിഴയായി ഈടാക്കിയിട്ടുണ്ട്. |
| (സി) | മണിക്കൂറിൽ 100 കി.മീ.-ൽ അധികം വേഗതയിൽ ഓടിക്കാവുന്ന എത്ര വാഹനങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; | (സി) | വാഹന നിർമ്മാതാക്കൾ 100 കി.മീറ്ററിൽ അധികം വേഗതയിൽ ഓടിക്കാവുന്ന നിരവധി വാഹനങ്ങൾ നിരത്തിലിറക്കുന്നുണ്ട്. വേഗതയുടെ അടിസ്ഥാനത്തിലല്ല ഇവയൊന്നും രജിസ്റ്റർ ചെയ്യുന്നത്. എന്നാൽ 28-02-2014 - ലെ ജി.ഒ.(പി) നം. 20/2014/ഗതാ പ്രകാരമുള്ള സർക്കാർ വിജ്ഞാപനമനുസരിച്ച് വിവിധ നിരത്തുകളിൽ വാഹനങ്ങളുടെ പരമാവധി വേഗപരിധി നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാന പാതകളിൽ വാഹനങ്ങൾക്ക് വേഗപരിധി നിശ്ചയിച്ചിട്ടില്ലാത്തതായി എത്ര കി.മീ. റോഡ് ഉണ്ടെന്ന് വെളിപ്പെടുത്താമോ ? | (ഡി) | 28-02-2014 ലെ ജി.ഒ(പി) 20/2014/ഗതാ പ്രകാരമുള്ള സർക്കാർ വിജ്ഞാപനമനുസരിച്ച് സംസ്ഥാന പാതകളിലെ വേഗപരിധി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.